**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 583** **02-02-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ സബ് ട്രഷറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ സബ് ട്രഷറി നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) | പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാരിൽ നിന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതും നിർമ്മാണ പ്രവൃത്തികൾക്കായി നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് PMC ആയി 2019 നവംബർ 4-നു നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്. കോവിഡ് മഹാമാരി നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. അതിനാൽ തന്നെ നിർമ്മാണപ്രവൃത്തികൾ നീണ്ടു പോകുകയാണുണ്ടായത്. നിലവിൽ കെട്ടിട നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. അവശേഷിക്കുന്ന 10% പ്രവൃത്തികൾ പൂർത്തിയായി വരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ഇൻകെൽ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലാ ട്രഷറി ഓഫീസറേയും ജില്ലയിലെ ഇതുമായി ബന്ധപ്പെട്ട നോഡൽ ഓഫീസറേയും ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനു ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | സർക്കാരിന്റെ മൂന്നാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി ഉദ്ഘാടനം നിശ്ചയിച്ചിരിക്കുന്ന ട്രഷറി കെട്ടിടങ്ങളിൽ പയ്യന്നൂർ സബ് ട്രഷറിയും ഉൾപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ഇൻകെൽ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കണ്ണൂർ ജില്ലാ ട്രഷറി ഓഫീസറേയും ജില്ലയിലെ ഇതുമായി ബന്ധപ്പെട്ട നോഡൽ ഓഫീസറേയും |

| | | | |
|---|---|---|---|
| | | | ഇക്കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനു ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ